"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ ശ്രീജൻ ബി.എസ് എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ. അക്ഷയ് എസ് ന് ആശ്രിത നിയമന പദ്ധതി പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.117/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.
2. 21.02.2018 — ലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. 28.04.2018-ലെ സ.ഉ.(പി)നം.7/2018/ഉ.ഭ.പ.വ
4. ശ്രീ.അക്ഷയ് എസ് ന്റെ 27.01.2023 ലെ അപേക്ഷ
5. 14.07.2023-ലെ സ.ഉ(പി)നം.12/2023/ഉ.ഭ.പ.വ.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 29-07-2024 തീയതിയിലെ LSGD/PD/11072/2024-DEF1 നമ്പർ കത്ത്.
7. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24.02.2025 ലെ DCTVM/11107/2024-S6 നം കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയി സേവനമനുഷ്ഠിച്ച് വരവെ 23.10.2022 ൽ മരണമടഞ്ഞ ശ്രീജൻ ബി.എസ് എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ.അക്ഷയ് എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (4)-ലെ അപേക്ഷ ടിയാന് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശിപാർശ ചെയ്ത് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശിപാർശയിന്മേൽ പരാമർശം (7) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ 23.10.2022 ൽ മരണമടഞ്ഞ ശ്രീജൻ ബി.എസ് ന് 12 വർഷം 02 മാസം 23 ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാന്റെ മകനും ആശ്രിതനും അപേക്ഷകനുമായ ശ്രീ.അക്ഷയ് എസ് ന് 30 വയസ്സുണ്ടെന്നും (ജനനതീയതി 03.03.1995), ടിയാൾ SSLC, +2 പരീക്ഷ പാസ്സായിട്ടുണ്ടെന്നും, ടിയാന്റെ കുടുംബ വാർഷിക വരുമാനം 45,000/- രൂപയാണെന്നും, പരേതന്റെ ആശ്രിതരിൽ ആരുംതന്നെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നും അപേക്ഷകന് ജോലി നല്കുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരവകാശസാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രം നല്കിയിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം(7) പ്രകാരം അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ , ശ്രീ.അക്ഷയ് എസ് ന് നിയമനം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നതിനാൽ ടിയാന്റെ അപേക്ഷ തിരുവനന്തപുരം ജില്ലാ കളക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടേയും, തിരുവനന്തപുരം ജില്ലാ കളക്ടറുടേയും ശിപാർശകൾ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ കരവാരം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിലിരിക്കെ 23.10.2022 ൽ മരണമടഞ്ഞ ശ്രീജൻ

ബി.എസ് ന്റെ മകനും ആശ്രിതനുമായ ശ്രീ.അക്ഷയ് എസ് (കാരുവിളാകം, ആൽത്തറമൂട്, ചിറയിൻകീഴ് തിരുവനന്തപുരം 695304 ) ന് ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ പൊതു വ്യവസ്ഥകൾക്കും ചുവടെപ്പറയുന്ന പ്രത്യേക വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.

2. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.

3. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകയുടെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.

4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ വരുത്തേണ്ടതാണ്.

5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.

7.പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിന് പരാമർശം (5) പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

8. അപേക്ഷൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

ശ്രീ.അക്ഷയ് എസ് ( കാരുവിളാകം, ആൽത്തറമൂട്, ചിറയിൻകീഴ് തിരുവനന്തപുരം 695304 )(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. EPA3/354/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

സെക്ഷൻ ഓഫീസർ

Date: 14-07-2025 16:57:27